## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1415 — 03-12-2018 -ൽ മറുപടിക്ക്

### പ്രളയം മൂലം വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ പ്രളയം മൂലം എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചുവെന്നാണ് ഡിജിറ്റൽ സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ളത്; | എ) | ഡിജിറ്റൽ സർവ്വേ അനുസരിച്ച് 75% ൽ അധികമോ, പൂർണമായോ വീട് തകർന്ന 18347 കുടുംബങ്ങൾ ഉണ്ട്. ഇതിൽ ഓരോ കേസും ജില്ല കളക്ടർ പ്രത്യേകം പരിശോധിക്കുകയും 13,016 വീടുകൾക്ക് വാസയോഗ്യം അല്ലാത്ത രീതിയിൽ തകർച്ച നേരിട്ടിട്ടുണ്ട് എന്നാണ് 27-11-2018 ന് നടന്ന ചീഫ് സെക്രട്ടറിയും ജില്ലാ കളക്ടർമാരുടെയും വീഡിയോ കോൺഫറൻസിൽ അറിയിച്ചത്. |
| (ബി | ഇപ്രകാരം വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി | സ്വയം വീട് നിർമിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ച 8072 കുടുംബങ്ങളിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. 1665 പേർക്കാണ് ഭൂമി വാസയോഗ്യമല്ലാത്തതിനാൽ പുതുതായി സ്ഥലം വാങ്ങേണ്ടി വരുന്നത് എന്നാണ് 27-11-2018 ന് നടന്ന ചീഫ് സെക്രട്ടറിയും ജില്ലാ കളക്ടർമാരുടെയും വീഡിയോ കോൺഫറൻസിൽ നിന്നും വിവരം ലഭിച്ചത്. സഹകരണ വകുപ്പിന്റെ 'കെയർ ഹോം' സ്കീം പ്രകാരം സഹകരണ പ്രസ്ഥാനങ്ങളുടെ പണവും, സംസ്ഥാന ദുരന്ത പ്രതികരണ നിധിയും |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച്, ഒരു വീടിന് 4 ലക്ഷം രൂപ എന്ന നിലയിൽ, 2000 വീട്ടുകൾ നിർമിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. 'സുരക്ഷിത കൂടൊരുക്കം കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാ തലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കുവാൻ നിർദേശിച്ചു. പ്രകൃതിദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃതമാതൃക പിന്തുടർന്ന്, 2018 പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക തലത്തിൽ വിളിച്ചു ചേർക്കുവാനും, വിശദമായി വിവിധ ഭവന നിർമ്മാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകുവാനും നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ പുരോഗമനം എല്ലാ ആഴ്ചയിലും ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതി പരിശോധിച്ച് വരുന്നു. |
| സി) | എത്ര പേർക്ക് പുതുതായി വീട് നിർമ്മിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്; ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ഇവർക്ക് വീടുകൾ നൽകുന്നത്; | സി) | 75% ൽ അധികമോ, പൂർണമായോ വീട് തകർന്ന കുടുംബങ്ങൾക്ക് വീട് നൽകുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അല്ല ദുരന്ത ബാധിതർക്ക് വീട് നിർമിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| ഡി) | വീടുകൾക്ക് ഭാഗികമായി നാശം സംഭവിച്ചവർക്ക് ഇതിനകം എന്തൊക്കെ | ഡി) | ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59%, 60-74% എന്നീ തോതിലുള്ള |

| | | | |
|---|---|---|---|
| | സഹായങ്ങളാണ് നൽകിയത്; വിശദാംശം നൽകുമോ; | | കേടുപാടുകളുണ്ടായവയ്ക്ക്, അനുവദനീയമായ ധനസഹായം രണ്ടു ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്. 27-11-2018 ന് ജില്ലകളിൽ നിന്നും ശേഖരിച്ച കണക്ക് അനുസരിച്ച് 1956 കുടുംബങ്ങൾക്ക് ഭാഗികമായ നഷ്ടത്തിന് ഉള്ള ദുരിതാശ്വാസ സഹായം നൽകിയിട്ടുണ്ട്. |
| ഇ) | വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പുതുതായി വീട് നൽകുന്നതുവരെ വാടകയിനത്തിൽ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | | ഇല്ല |

സെക്ഷൻ ഓഫീസർ